## പതിനഞ്ചാം കേരള നിയമസഭ

മൂന്നാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2021 ഒക്ടോബർ 26, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

### I. അടിയന്തരപ്രമേയം

അനധികൃത ദത്തുനൽകൽ

മി. സ്പീക്കർ: തിരുവനന്തപുരം പേരൂർക്കടയിൽ നവജാതശിശുവിനെ ദത്തുനൽകാൻ ശിശുക്ഷേമ സമിതിയും ചൈൽഡ് വെൽഫെയർ കമ്മിറ്റിയും പോലീസും നടത്തിയ ഇടപെടൽമൂലം സമൂഹത്തിൽ ഉളവായിട്ടുള്ളതായി

പറയപ്പെടുന്ന ആശങ്ക സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീമതി കെ. കെ. രമ, സർവ്വശ്രീ എം. വിൻസെന്റ്, മഞ്ഞളാംകുഴി അലി, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്. കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയമായതിനാൽ ചട്ടം 52(7) അനുസരിച്ച് ഉന്നയിക്കാൻ അനുമതി നൽകാൻ പാടില്ലാത്തതാണെങ്കിലും പ്രത്യേക കേസായി പരിഗണിച്ച് അനുവദിക്കുകയാണ്.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): തിരുവനന്തപുരം പേരൂർക്കട സ്വദേശിനിയായ അനുപമ എസ്. ചന്ദ്രന്റെ ശിശുക്ഷേമ സമിതിയിൽ ഉപേക്ഷിച്ചുവെന്നുപറയുന്ന കുഞ്ഞിനെ തിരികെ ലഭിക്കണമെന്ന ആവശ്യവും അവരുടേതെന്ന് സംശയിക്കുന്ന കുഞ്ഞിനെ ശിശുക്ഷേമ സമിതിയിൽ ലഭിച്ചപ്പോൾ മുതൽ സ്വീകരിക്കപ്പെട്ട നടപടികളെ സംബന്ധിച്ചും അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ വനിതാ ശിശുവികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് നിർദ്ദേശം നൽകുകയും വനിതാ ശിശുവികസന വകുപ്പ് ഡയറക്ടർ അന്വേഷണമാരംഭിക്കുകയും ചെയ്തിട്ടുണ്ട്. കാട്ടാക്കട നെയ്യാർ മെഡിസിറ്റി

ഹോസ്പിറ്റലിൽ 19-10-2020-ൽ തനിക്ക് ജനിച്ച ആൺകുട്ടിയെ തന്റെ സമ്മതമില്ലാതെ മാതാപിതാക്കൾ ബലമായി ശിശുക്ഷേമ സമിതിയുടെ അമ്മത്തൊട്ടിലിൽ ഉപേക്ഷിച്ചെന്നും കുട്ടിയെ തിരികെ ലഭിക്കാൻ സഹായിക്കണമെന്നുമുള്ള അനുപമയുടെ പരാതിയിന്മേൽ വനിതാ ശിശുവികസന ഡയറക്ടർ നടത്തിയ പ്രാഥമിക അന്വേഷണത്തിൽ ശിശുക്ഷേമ സമിതിയുടെ തിരുവനന്തപുരത്തെ അമ്മത്തൊട്ടിലിൽ 23-10-2020-ന് പുലർച്ചെ 12.45-നും അന്നേദിവസം രാത്രി 9 മണിക്കുമായി രണ്ട് ആൺകുഞ്ഞുങ്ങളെ ലഭിച്ചുവെന്നും 27-10-2021-ന് ശിശുക്ഷേമ സമിതി, ചൈൽഡ് വെൽഫെയർ കമ്മിറ്റി, ജില്ലാ ശിശുസംരക്ഷണ ഓഫീസ്, സബ് ഇൻസ്പെക്ടർ ഓഫ് പോലീസ്, മ്യൂസിയം എന്നിവർക്ക് കുഞ്ഞുങ്ങളെ ലഭിച്ച വിവരം ഔദ്യോഗിക അറിയിപ്പ് നൽകിയെന്നും 04-11-2020-ൽ ജില്ലാ ശിശു സംരക്ഷണ ഓഫീസർ പത്രപരസ്യം നൽകിയിട്ടുണ്ടെന്നും വെളിവായിട്ടുണ്ട്. 23-10-2020-ൽ ലഭിച്ച രണ്ട് കുട്ടികളുടെയും വിവരങ്ങൾ/ലീഗലി ഫ്രീ ഫോർ അഡോപ്ഷൻ സർട്ടിഫിക്കറ്റ് എന്നിവ മാനദണ്ഡപ്രകാരം CARINGS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരവും അഡോപ്ഷൻ റെഗുലേഷൻ പ്രകാരവുമുള്ള തുടർനടപടികൾ ചൈൽഡ് വെൽഫെയർ

കമ്മിറ്റിയും സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ ഏജൻസിയും സ്വീകരിച്ചിട്ടുള്ളതുമാണ്. ശിശുക്ഷേമ സമിതിയും ചൈൽഡ് വെൽഫെയർ കമ്മിറ്റിയും അനധികൃത ഇടപെടൽ നടത്തിയെന്ന വാദം ശരിയല്ല. അമ്മത്തൊട്ടിലിൽ ലഭിക്കുന്ന ഒരു കുഞ്ഞിനെ ദത്തുനൽകുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങളെല്ലാം പാലിച്ചിട്ടുണ്ട്. സർക്കാരിന്റെ അന്വേഷണംകൂടി പരിഗണിച്ച് മാത്രമേ ദത്തെടുക്കലിന്റെ കാര്യത്തിൽ അന്തിമ ഉത്തരവ് പുറപ്പെടുവിക്കാവൂ എന്ന് വഞ്ചിയൂർ കുടുംബകോടതിയിൽ അപേക്ഷിച്ചിട്ടുണ്ട്. അമ്മയ്ക്ക് കുഞ്ഞിനെ ലഭിക്കണമെന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്.

ശ്രീമതി കെ. കെ. രമ: തിരുവനന്തപുരം പേരൂർക്കടയിൽ മൂന്നുദിവസം പ്രായമുള്ള കുഞ്ഞിനെ അമ്മയിൽനിന്നും എടുത്തുമാറ്റി ദത്തുനൽകാൻ സർക്കാർ സ്ഥാപനമായ ശിശുക്ഷേമ സമിതിയും ശിശുക്ഷേമ കമ്മിറ്റിയും നടത്തിയ അനധികൃത ഇടപെടലും കുട്ടിയെ കാണാനില്ലെന്ന അമ്മയുടെ പരാതിയിൽ ആറുമാസക്കാലം എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യാതെ പോലീസ് നടത്തിയ ഒത്തുകളിയും ഉന്നത രാഷ്ട്രീയ ഭരണതല ഗൂഢാലോചനയുംമൂലം സമൂഹത്തിലുണ്ടായിരിക്കുന്ന ആശങ്ക സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം. ശിശുക്ഷേമ സമിതിയും ചൈൽഡ്

വെൽഫെയർ കമ്മിറ്റിയും പോലീസും ഡി.ജി.പിയും മുഖ്യമന്ത്രിയുടെ ഓഫീസും സംഘടിതമായി ആസൂത്രണം ചെയ്ത കുറ്റകൃത്യമാണിത്. അമ്മ പരാതി നൽകി ആറ് മാസമായിട്ടും പോലീസിന്റെ ഭാഗത്തുനിന്നും യാതൊരന്വേഷണവും നടത്തിയിട്ടില്ല. അടിയന്തരമായി അമ്മയ്ക്ക് കുഞ്ഞിനെ തിരിച്ചുനൽകാനുള്ള നടപടി സ്വീകരിക്കുന്നതോടൊപ്പം ഈ പ്രശ്നത്തിൽ നടന്ന ഉന്നതതല രാഷ്ട്രീയ ഭരണ ഗൂഢാലോചനയെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തണമെന്നും ശിശുക്ഷേമ സമിതി പിരിച്ചുവിടണമെന്നും ആവശ്യപ്പെടുകയാണ്.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): 2015-ലെ ബാലനീതി നിയമവും 2017-ലെ അഡോപ്ഷൻ റെഗുലേഷൻ ആക്ട് പ്രകാരവുമാണ് സംസ്ഥാനത്ത് ദത്തെടുക്കൽ നടപടിക്രമം നടപ്പിലാക്കുന്നത്. അസാധാരണവും സമാനതകളില്ലാത്തതുമായ ഈ കേസിൽ ദത്തെടുക്കൽ നടപടിക്രമങ്ങൾ നിയമപരമായിട്ടാണ് നടന്നിട്ടുള്ളത്. 19.04.2021- ന് കുഞ്ഞിനെ ഓൺലൈനായി പ്രോസ്പെക്ടീവ് അഡോപ്റ്റീവ് പാരന്റ്സ് റിസീവ് ചെയ്യുകയും 14.05.2021-ന് അഡോപ്ഷൻ കമ്മിറ്റി ഹിയർ ചെയ്യുകയും ചെയ്തിട്ടുണ്ട്. അഡോപ്ഷൻ റെഗുലേഷൻ 12 പ്രകാരമുള്ള ദത്ത് നടപടിക്രമം പൂർത്തിയാക്കുന്നതിന്

തിരുവനന്തപുരം കുടുംബ കോടതി മുമ്പാകെ കേസ് ഫയൽ ചെയ്ത് നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. പോലീസും വനിതാ-ശിശുവികസന വകുപ്പും നടത്തുന്ന അന്വേഷണംകൂടി പരിഗണിച്ചശേഷം ഈ വിഷയത്തിൽ അന്തിമ തീരുമാനമെടുക്കണമെന്ന സർക്കാരിന്റെ അഭ്യർത്ഥനയെത്തുടർന്ന് വിശദമായ വാദത്തിന് കേസ് മാറ്റിവച്ചിരിക്കുകയാണ്. 19-04-2021-ന് പേരൂർക്കട പോലീസ് സ്റ്റേഷനിൽ അനുപമ നൽകിയ പരാതിയിന്മേൽ നടത്തിയ അന്വേഷണത്തിൽ കുഞ്ഞിന്റെ അമ്മ നൽകിയ സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ കുഞ്ഞിനെ അമ്മത്തൊട്ടിലിൽ നൽകിയതായി അനുപമയുടെ അച്ഛൻ മൊഴി നൽകിയതിനാൽ കുഞ്ഞിനെ തിരിച്ചുകിട്ടാൻ കോടതി മുഖാന്തരം ശ്രമിക്കണമെന്ന് പറഞ്ഞ് പ്രസ്തുത പരാതി പോലീസ് തീർപ്പാക്കിയിട്ടുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട് സംസ്ഥാന പോലീസ് മേധാവിക്ക് ലഭിച്ച പരാതിയിന്മേൽ പേരൂർക്കട പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. കുഞ്ഞിനെ റിസീവ് ചെയ്തതുമുതൽ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ നിയമപരവും മാനദണ്ഡ പ്രകാരവുമാണെന്ന് അന്വേഷണത്തിൽ വ്യക്തമായിട്ടുണ്ട്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. ഡി. സതീശൻ, പി. കെ. കുഞ്ഞാലിക്കുട്ടി, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, ശ്രീമതി കെ. കെ. രമ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II. ശ്രദ്ധക്ഷണിക്കൽ

### (1) കുറ്റ്യാടി ജലസേചന പദ്ധതി

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: കാർഷികാവശ്യത്തിനും കുടിവെള്ളത്തിനും ഉപയോഗിച്ചുവരുന്ന കുറ്റ്യാടി ജലസേചന പദ്ധതിയുടെ കനാൽ ശൃംഖലകളും സ്ട്രക്ചറുകളും പുനരുദ്ധരിക്കാനും ടി ജലസ്രോതസ്സ് ഉപയോഗപ്പെടുത്തി പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കാനും നടപടിയുണ്ടാകണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): കാർഷിക ജലസേചനത്തിനുവേണ്ടി കമ്മീഷൻ ചെയ്ത കുറ്റ്യാടി ജലസേചന പദ്ധതി കാർഷികാവശ്യത്തിനുപരി കുടിവെള്ളത്തിനും ഉപയോഗിച്ചുവരുന്നു.

കോഴിക്കോട് കോർപ്പറേഷനിലെയും അനുബന്ധ പഞ്ചായത്തുകളിലെയും വിവിധ ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണത്തിനാവശ്യമായ വെള്ളം ഈ സ്രോതസ്സ് ഉപയോഗിച്ചാണ് വിഭാവന ചെയ്തിരിക്കുന്നത്. കുറ്റ്യാടി ജലസംഭരണിയുടെ സംഭരണശേഷി പുനഃസ്ഥാപിക്കുന്നതിന് റിസർവോയറിൽ അടിഞ്ഞുകൂടിയ ചെളിയും മണലും നീക്കം ചെയ്യേണ്ടതും ശോചനീയാവസ്ഥയിലുള്ള കനാൽ ശൃംഖലകളും സ്ലൂക്ക്ചറുകളും ബലപ്പെടുത്തുകയോ മാറ്റിപ്പണിയുകയോ ചെയ്യേണ്ടതുമാണ്. കരകളിടിഞ്ഞു പോയിട്ടുള്ള എല്ലാ മൺകനാലുകളും ആവശ്യമായ വീതിയിലും ആഴത്തിലും നിർമ്മിക്കേണ്ടതും എല്ലാ കനാലുകളുടെയും ചോർച്ചയുള്ള ഭാഗങ്ങളിൽ കോൺക്രീറ്റ് ലൈനിംഗ് നടത്തേണ്ടതും ജലവിതരണം കൃത്യമായി നിയന്ത്രിക്കാൻ പറ്റുന്ന ആധുനിക സ്ലൂയിസ് വാൽവുകൾ സ്ഥാപിക്കേണ്ടതുമുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മുൻഗണനാക്രമത്തിൽ പ്രവൃത്തി പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇറിഗേഷൻ ടൂറിസം പ്രോജക്ടിന്റെ ഭാഗമായി ഡാമുകളുടെ പുനരുദ്ധാരണത്തിന് മുൻഗണന നൽകുന്നതാണ്.

(2) ഗുണനിലവാരമില്ലാത്ത മരുന്നുകളുടെ നിയന്ത്രണവും അവശ്യമരുന്നുകളുടെ ലഭ്യതയും

ശ്രീ. അനൂപ് ജേക്കബ്: കേരളത്തിൽ വിറ്റഴിക്കപ്പെടുന്ന ഗുണനിലവാരമില്ലാത്ത മരുന്നുകൾ വിതരണം ചെയ്യുന്ന ഏജൻസികൾക്കെതിരെ നടപടിയെടുക്കാനും അവശ്യമരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്താനും നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സംസ്ഥാനത്തെ ആറ് മേഖലകളായി തിരിച്ച് അതാത് മേഖലയിലുള്ള അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളർമാർ മരുന്നുകളുടെ വിപണനവും ഗുണനിലവാരവും ഉറപ്പുവരുത്തുകയും ഇന്റലിജൻസ് ബ്രാഞ്ച് ഡ്രഗ്സ് ഇൻസ്പെക്ടർ മരുന്നുകളുടെ വിതരണം നിരീക്ഷിച്ചുവരികയും ചെയ്തുവരുന്നു. അസംസ്കൃത വസ്തുക്കളുടെ സംഭരണം മുതൽ മരുന്നുനിർമ്മാണ വേളയിലെ ഓരോ ഘട്ടങ്ങളും Drugs and Cosmetics Act ലെ വ്യവസ്ഥകൾ പ്രകാരമാണ് നിയന്ത്രിക്കപ്പെടുന്നത്. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബയോളജിക്കൽസിന്റെ റിപ്പോർട്ടുപ്രകാരം കേരളത്തിൽ ഗുണനിലവാരം കുറഞ്ഞ മരുന്നുകളുടെ എണ്ണം മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കുറവാണ്. വിപണിയിലുള്ള അലോപ്പതി മരുന്നുകളുടെ ഗുണനിലവാര പരിശോധന ഉറപ്പുവരുത്തുന്നതിനും അവശ്യ മരുന്നുകളുടെ ലഭ്യത ഉറപ്പാക്കുന്നതിനും

നടപടി സ്വീകരിച്ചുവരികയാണ്.

## III. സബ്മിഷൻ

(1) <u>വിദ്യാർത്ഥി സംഘടനാ പ്രവർത്തനം</u>

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): എം.ജി. സർവ്വകലാശാല സെനറ്റ് ഇലക്ഷനുമായി ബന്ധപ്പെട്ട് എസ്.എഫ്.ഐ. നടത്തിയ അതിക്രമങ്ങളിൽ ഒരു ദളിത് പെൺകുട്ടി ആക്രമിക്കപ്പെട്ട സംഭവം ആവർത്തിക്കാതിരിക്കാനും ഇതുസംബന്ധിച്ച് എസ്.എഫ്.ഐ. കൊടുത്ത പരാതി പിൻവലിക്കാനും നടപടി സ്വീകരിക്കണം.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (<u>ഡോ. ആർ. ബിന്ദു</u>): മഹാത്മാഗാന്ധി സർവ്വകലാശാലാ സെനറ്റിലെ വിദ്യാർത്ഥി പ്രതിനിധികളുടെയും സ്റ്റുഡന്റ് കൗൺസിലിലെ സീറ്റുകളിലേയ്ക്കുള്ള തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ചില വിദ്യാർത്ഥികൾ തമ്മിൽ സംഘർഷത്തിലേർപ്പെടുകയും പോലീസ് അവരെ സംഭവ സ്ഥലത്തുനിന്ന് മാറ്റുകയും ചെയ്തിരുന്നു. സംഘർഷവുമായി ബന്ധപ്പെട്ട് ഇരുവിഭാഗത്തിലുംപെട്ട വിദ്യാർത്ഥികളുടെ പരാതിയെത്തുടർന്ന് ഗാന്ധിനഗർ പോലീസ് സ്റ്റേഷൻ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. ക്യാമ്പസുകളിൽ വിദ്യാർത്ഥിനികൾ ഉൾപ്പെടെയുള്ളവർ

ആക്രമിക്കപ്പെടുന്നത് തടയാനും സ്വതന്ത്രമായ വിദ്യാർത്ഥി സംഘടനാ പ്രവർത്തനത്തിനും നിലവിൽ ശക്തമായ സംവിധാനമുണ്ട്. വിദ്യാർത്ഥികൾക്കിടയിൽ അവബോധം വളർത്തുന്നതിന് എല്ലാ സ്ഥാപനങ്ങളിലും ജൻഡർ ജസ്റ്റിസ് ഫോറങ്ങൾ രൂപീകരിക്കുന്നതിനും ഇന്റേണൽ കംപ്ലയിന്റ്സ് കമ്മിറ്റി രൂപീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(മന്ത്രിയുടെ മറുപടിയിൽ പ്രതിഷേധിച്ച്, പ്രതിപക്ഷ നേതാവ് പ്രസ്താവന നടത്തിയശേഷം പ്രതിപക്ഷം ഒന്നടങ്കം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

(2) വിതുര ഫയർസ്റ്റേഷന് കെട്ടിടം

ശ്രീ. ജി. സ്റ്റീഫൻ: വിതുര പോലീസ് ക്വാർട്ടേഴ്സ് കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന ഫയർസ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുകയും വാഹനങ്ങൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുകയും ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): വിതുര പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിലെ ഒരു ക്വാർട്ടേഴ്സിലാണ് 2014 മുതൽ വിതുര ഫയർ സ്റ്റേഷൻ പ്രവർത്തിക്കുന്നത്. പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിൽ ഫയർ സ്റ്റേഷന്

പുതിയ കെട്ടിടം നിർമ്മിക്കുന്നത് പ്രായോഗികമല്ല. അനുയോജ്യമായ സ്ഥലം ലഭ്യമാക്കിയാൽ പുതിയ കെട്ടിടം നിർമ്മിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(3) വടക്കാഞ്ചേരിയിൽ പുതിയ കോടതി സമുച്ചയം

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: തൃശ്ശൂരിൽ പ്രവർത്തിക്കുന്ന സബ് കോടതികളിലൊന്ന് വടക്കാഞ്ചേരിയിലേയ്ക്ക് മാറ്റി സ്ഥാപിക്കുകയും സബ് കോടതിയും പോക്സോ കോടതിയും M.A.C.T. കോടതിയും കുടുംബ കോടതിയും അടങ്ങുന്ന പുതിയ കോടതി സമുച്ചയം അനുവദിക്കുകയും വേണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ഒരു സ്ഥലത്ത് പ്രവർത്തിക്കുന്ന കോടതി മറ്റൊരിടത്തേയ്ക്ക് മാറ്റിസ്ഥാപിക്കുന്നതിന് പ്രയോഗിക ബുദ്ധിമുട്ടുകളുള്ളതിനാൽ വിശദമായ ആലോചനകൾ ആവശ്യമാണ്. സംസ്ഥാനത്ത് പുതിയ കോടതികൾ സ്ഥാപിക്കുന്നതിനുള്ള മുൻഗണനാ പട്ടികയിൽ വടക്കാഞ്ചേരി സബ് കോടതിയെ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ കുറ്റകൃത്യങ്ങൾ സംബന്ധിച്ച കേസുകൾ വിചാരണ ചെയ്യുന്നതിനുള്ള പ്രത്യേക കോടതികൾ ആരംഭിക്കുന്നതിനാണ് സർക്കാർ ഇപ്പോൾ പ്രാധാന്യം നൽകുന്നത്. അവ നിലവിൽ

വന്നതിനുശേഷം പുതിയ കോടതികൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(4) ചിരട്ടപ്പാലിന് തറവില

ശ്രീ. മാണി സി. കാപ്പൻ: ചിരട്ടപ്പാലിന് 150 രൂപ തറവില നിശ്ചയിക്കുകയും റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം പ്രകാരം ഉല്പാദക ബോണസ് ലഭ്യമാക്കുകയും വേണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം പ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് പ്രസിദ്ധീകരിക്കുന്ന ദൈനംദിന വില സൂചികയും തമ്മിലുള്ള വ്യത്യാസം കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് നേരിട്ട് നൽകിവരുന്നു. കർഷകരുടെ ബില്ലുകൾ റബ്ബർ ബോർഡ് ഉദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി സർക്കാരിന് സമർപ്പിക്കുന്നതിനനുസരിച്ച് RSS 1 മുതൽ 5 വരെ ഗ്രേഡിലുള്ള റബ്ബറിനും ലാറ്റക്സിനും സബ്സിഡി നൽകിവരുന്നുണ്ട്. 2021 ഏപ്രിൽ മുതൽ റബ്ബറിന്റെ താങ്ങുവില കിലോയ്ക്ക് 170 രൂപയായി വർദ്ധിപ്പിക്കുകയും ധനസഹായം കുടിശ്ശികയില്ലാതെ നൽകിവരികയും ചെയ്യുന്നു. ഷീറ്റ് റബ്ബറിനും ലാറ്റക്സിനുമുള്ളതുപോലെയുള്ള ഗുണനിലവാര മാനദണ്ഡങ്ങൾ ചിരട്ടപ്പാലിന് നിശ്ചയിക്കാൻ പ്രായോഗിക

ബുദ്ധിമുട്ടുകളുള്ളതിനാൽ പ്രസ്തുത ആവശ്യം പരിഗണിക്കാൻ നിർവ്വാഹമില്ല.

(5) തണ്ണീർത്തട നിയമത്തിൽ ഇളവ്

ശ്രീ. തോമസ് കെ. തോമസ്: കുട്ടനാട് വികസന പദ്ധതികൾക്ക് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ ഇളവനുവദിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പ്രാബല്യത്തിൽ വന്നതോടെ നെൽവയലുകളും തണ്ണീർത്തടങ്ങളും അനിയന്ത്രിതമായി പരിവർത്തനപ്പെടുത്തുകയും രൂപാന്തരപ്പെടുത്തുകയും ചെയ്യുന്ന പ്രവണത തടയാൻ സാധിച്ചിട്ടുണ്ട്. നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി നെൽവയൽ പരിവർത്തനപ്പെടുത്തുന്നതിനോ രൂപാന്തരപ്പെടുത്തുന്നതിനോ സാധിക്കില്ലെങ്കിലും കൈവശാവകാശിക്ക് സ്വന്തം ആവശ്യത്തിലേയ്ക്ക് വീട് നിർമ്മിക്കുന്നതിന് വ്യവസ്ഥകൾക്ക് വിധേയമായി പരിവർത്തനാനുമതി നൽകുന്നുണ്ട്. പാരിസ്ഥിതിക വ്യവസ്ഥയെ ദോഷകരമായി ബാധിക്കുന്ന തരത്തിൽ തണ്ണീർത്തടങ്ങളുടെ ഭൂമി തരംമാറ്റിയത് കുട്ടനാട് പോലുള്ള പരിസ്ഥിതിലോല പ്രദേശങ്ങളെ ദോഷകരമായി ബാധിക്കുകയും ആയത് വെള്ളപ്പൊക്കത്തിനും മടവീഴ്ചയ്ക്കും കാരണമാകുകയും ചെയ്യുന്നുണ്ട്. നിയമത്തിലെ വ്യവസ്ഥകൾ പൂർണ്ണതോതിൽ നടപ്പിലാക്കേണ്ടത്

കുട്ടനാട്ടിലെ ജനജീവിതത്തെയും പാരിസ്ഥിതിക വ്യവസ്ഥയെയും സമതുലിതമായി നിലനിർത്തുന്നതിനും കേരളത്തിന്റെ ആവാസ വ്യവസ്ഥയെ സംരക്ഷിക്കുന്നതിനും അത്യന്താപേക്ഷിതമാണ്. നിയമത്തിന്റെ അന്തഃസത്തയെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ ഒരു പ്രത്യേക പ്രദേശത്തിനായി ഇളവനുവദിക്കാൻ സാധിക്കില്ല. സംസ്ഥാനതല സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പൊതു ആവശ്യത്തിന് നെൽവയൽ പരിവർത്തനം ചെയ്യുന്നതിന് നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി അനുമതി നൽകുന്ന സാഹചര്യത്തിൽ കുട്ടനാടിന്റെ കാര്യവും പരിഗണിക്കുന്നതാണ്.

## (6) കോട്ടികുളം ഫിഷിംഗ് ഹാർബർ നിർമ്മാണം

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: കോട്ടികുളം ഫിഷിംഗ് ഹാർബർ നിർമ്മാണം ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): കോട്ടികുളം ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിനുള്ള അന്വേഷണ ഗവേഷണ പ്രവർത്തനങ്ങൾക്കായി 67 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ച് മാതൃകാപഠനം നടത്തി ഹാർബർ ലേ ഔട്ട് അന്തിമമാക്കിയശേഷം മാത്രമേ

CRZ ക്ലിയറൻസ് ലഭ്യമാക്കി വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കാൻ സാധിക്കു. എം.എൽ.എ.യുടെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥരുടെ യോഗം വിളിച്ചുചേർത്ത് എത്രയുംവേഗം പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് സഭയ്ക്ക് ഉറപ്പുനൽകുന്നു.

(7) <u>റോഡ് പുനരുദ്ധാരണം</u>

<u>ശ്രീ. വാഴൂർ സോമൻ</u>: പീരുമേട് നിയോജകമണ്ഡലത്തിലെ ഉപ്പുതറ - കോട്ടമല - വാഗമൺ റോഡ് പുനരുദ്ധരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>): പീരുമേട് നിയോജകമണ്ഡലത്തിലെ ഉപ്പുതറ, കോട്ടമല, വാഗമൺ റോഡുകളുടെ പ്രവൃത്തി 19-09-2009-ന് ആരംഭിച്ചെങ്കിലും ടെണ്ടർ ഏറ്റെടുത്ത കോൺട്രാക്ടർ പണി പൂർത്തീകരിക്കാത്തതിനാൽ റിസ്ക് & കോസ്റ്റ് റദ്ദാക്കി എസ്റ്റിമേറ്റ് പുതുക്കി ധനകാര്യ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. ധനകാര്യ വകുപ്പിൽനിന്നും അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് ടി റോഡിന്റെ നിർമ്മാണ പ്രവൃത്തി പുനരാരംഭിക്കുന്നതാണ്.

(8) <u>കായംകുളം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ</u>

<u>ശ്രീമതി യു. പ്രതിഭ</u>: കായംകുളം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ നവീകരിക്കുന്നതിനും നിർത്തിവച്ച സർവ്വീസ് പുന:രാരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (<u>ശ്രീ. ആന്റണി രാജു</u>): കായംകുളം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് HLL life care limited തയ്യാറാക്കി സമർപ്പിച്ച മാസ്റ്റർ പ്ലാനിന്റെ പ്രാഥമിക രൂപരേഖ പരിശോധിച്ചുവരുന്നു. കോവിഡ് നിയന്ത്രണങ്ങളിൽ പൂർണ്ണമായും ഇളവനുവദിക്കുന്ന മുറയ്ക്കും വരുമാന വർദ്ധനയനുസരിച്ചും സർവ്വീസുകൾ കൂടുതൽ ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. നഷ്ടത്തിലോടുന്ന സർവ്വീസുകളും ട്രിപ്പുകളും ജനോപകാരപ്രദമായി കൂടുതൽ വരുമാനം ലഭിക്കുന്ന രീതിയിൽ പുനഃക്രമീകരിക്കുന്ന ഒരു പദ്ധതി വിഭാവന ചെയ്തിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ഗ്രാമവണ്ടി എന്ന നൂതന പദ്ധതി പ്രാവർത്തികമാകുന്നതോടുകൂടി കായംകുളം യൂണിറ്റിലെ ഗ്രാമപ്രദേശങ്ങളിൽ മെച്ചപ്പെട്ട ഗതാഗത സൗകര്യമൊരുക്കാൻ കഴിയും. കിഫ്ബി മുഖാന്തരമോ എം.എൽ.എ. ഫണ്ടിൽ നിന്നോ പണം ലഭ്യമാകുന്ന മുറയ്ക്ക് അത്യാധുനിക

രീതിയിലുള്ള ഷോപ്പിംഗ് കോംപ്ലക്സ്-കം-ബസ് സ്റ്റേഷന്റെ പ്രവൃത്തി ആരംഭിക്കുന്നതാണ്.

(9) <u>സി.എച്ച്.സി./പി.എച്ച്.സി.കളുടെ പ്രവർത്തനം</u>

<u>ശ്രീ. പി. ടി. എ. റഹീം</u>: ചെറൂപ്പ സി.എച്ച്.സി.-യുടെയും മാവൂരിൽ പുതിയ പി.എച്ച്.സി.-യുടെയും പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (<u>ശ്രീമതി വീണാ ജോർജ്ജ്</u>): നാഷണൽ മെഡിക്കൽ കൗൺസിലിന്റെ നിർദ്ദേശങ്ങളനുസരിച്ച് കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജിലെ ഹൗസ് സർജന്മാർക്ക് പരിശീലനം നൽകുന്നതിന് കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിന്റെ കീഴിൽ മെഡിക്കൽ കോളേജ് ഹെൽത്ത് യൂണിറ്റ്, ചെറൂപ്പ റൂറൽ ഹെൽത്ത് ട്രെയിനിംഗ് സെന്ററായി പ്രവർത്തിച്ചുവരികയാണ്. മെഡിക്കൽ ഓഫീസർ ഇൻ-ചാർജ്ജ് കൂടാതെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിൽ 14 ജീവനക്കാർ ഇവിടെ ജോലി ചെയ്യുന്നുണ്ട്. എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും പണിത ഡയാലിസിസ് സെന്ററിന്റെ നിർമ്മാണം പൂർത്തീകരിച്ച് കൈമാറുന്ന മുറയ്ക്ക് സി.എച്ച്.സി. പ്രവർത്തനക്ഷമമാക്കാൻ കഴിയും. മാവൂർ തെങ്ങിലക്കടവിലെ

മലബാർ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട് & റിസർച്ച് സെന്ററിന്റെ കൈവശമുണ്ടായിരുന്ന സ്ഥലവും അനുബന്ധ സൗകര്യങ്ങളും ക്യാൻസർ രോഗികളുടെ rehabilitation centre ആയും early cancer detection centre ആയും മാറ്റിയെടുക്കുന്നതിനുള്ള നിർദ്ദേശം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പരിശീലന കേന്ദ്രങ്ങളായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ഭരണപരമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടേയും ആരോഗ്യ വകുപ്പ് ഡയറക്ടറുടേയും മേൽനോട്ടത്തിൽ സ്ഥാപന മേധാവികളേയും ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാരേയും ഉൾപ്പെടുത്തി ഒരു കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിക്കുന്നതും കമ്മിറ്റി പ്രവർത്തന സജ്ജമാകുമ്പോൾ ഈ സ്ഥാപനത്തിന്റെ പ്രവർത്തനത്തിനാവശ്യമായ ഫണ്ടിന്റെ ലഭ്യത സംബന്ധിച്ച തടസ്സങ്ങൾ പരിഹരിക്കപ്പെടുന്നതുമാണ്.

(10) <u>കുറ്റിപ്പുറം താലൂക്കാശുപത്രി</u>

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: കുറ്റിപ്പുറം താലൂക്കാശുപത്രി വികസനത്തിനാവശ്യമായ ഫണ്ട് അനുവദിക്കുന്നതിനും ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (<u>ശ്രീമതി വീണാ ജോർജ്ജ്</u>): 2011-ൽ താലൂക്കാശുപത്രിയായി ഉയർത്തിയ കുറ്റിപ്പുറം സാമൂഹികാരോഗ്യ കേന്ദ്രത്തിൽ വിവിധ വിഭാഗങ്ങളിലായി 54 സ്ഥിരം ജീവനക്കാരും 28 താൽക്കാലിക ജീവനക്കാരും ജോലി ചെയ്യുന്നു. കോവിഡ് ചികിത്സയ്ക്ക് മാത്രമായി എൻ.എച്ച്.എം. മുഖാന്തരം പതിനഞ്ച് താൽക്കാലിക ജീവനക്കാരേയും എൽ.എസ്.ജി.ഡി. മുഖാന്തരം നാല് പേരേയും നിയമിച്ചിരുന്നു. ജനറൽ മെഡിസിൻ, അസ്ഥിരോഗ വിഭാഗം, ശിശുരോഗ വിഭാഗം, നേത്രരോഗ വിഭാഗം, അനസ്തേഷ്യ, ദന്തൽ വിഭാഗം എന്നീ സ്പെഷ്യാലിറ്റികളുടെയും 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒ.പി., ഐ.പി., അത്യാഹിത വിഭാഗം, ട്രോമാ കെയർ യൂണിറ്റ്, ഫാർമസി, ലാബ്, ബ്ലഡ് സ്റ്റോറേജ് യൂണിറ്റ് എന്നീ വിഭാഗങ്ങളുടെയും സേവനവും ഇവിടെ ലഭ്യമാണ്. എം.എൽ.എ. ഫണ്ടിൽനിന്നും ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽനിന്നും വിവിധ ഘട്ടങ്ങളിലായി അനുവദിച്ച തുക

ചെലവഴിച്ചുകൊണ്ട് പുതുക്കിയ ഒ.പി. കെട്ടിടത്തിന്റേയും സ്ത്രീകളുടെ വിശ്രമമുറി, ഫീഡിംഗ് റൂം എന്നിവയുടെയും ഇ.സി.ജി. റൂം ട്രീറ്റ്മെന്റ് റൂം, മെഡിസിൻ സ്റ്റോർ, ഫാർമസി എന്നിവയുടേയും നിർമ്മാണ പ്രവൃത്തികൾ നടന്നിട്ടുണ്ട്. ആശുപത്രിയുടെ സമഗ്ര വികസനത്തിനായുള്ള മാസ്റ്റർ പ്ലാൻ പ്രകാരം പൊതുമരാമത്ത് വകുപ്പ് രണ്ട് കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും നാൽപ്പതുലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ബാക്കി തുകയ്ക്കുള്ള പ്ലാനും എസ്റ്റിമേറ്റും പരിശോധിച്ച് ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## IV. നിയമനിർമ്മാണ കാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും:

(i) 2021-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ബിൽ

(ii) 2021-ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി (ഭേദഗതി) ബിൽ

(iii) 2021-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബിൽ

(iv) 2021-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

(v) 2021-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി):

2021-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ബില്ലും 2021-ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി (ഭേദഗതി) ബില്ലും 2021-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബില്ലും 2021-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബില്ലും 2021-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബില്ലും അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തുവയ്ക്കുന്നു.

## V. ക്രമപ്രശ്നം

ധനകാര്യമെമ്മോറാണ്ടത്തിലെ അവ്യക്തത

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): 2021-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബില്ലിലെ ധനകാര്യമെമ്മോറാണ്ടം തെറ്റിദ്ധരിപ്പിക്കുന്നതും വസ്തുതാവിരുദ്ധവുമാണ്. 1994-ലെ നിയമത്തിൽ തയ്യൽ തൊഴിലാളികളും സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ആളുകളും ഒരു വർഷം നൽകിയ അംശദായത്തിന്റെ പത്ത് ശതമാനത്തിന് തുല്യമായ തുക നിധിയിലേയ്ക്ക് ഗ്രാന്റായി നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ബിൽ നിയമമാകുന്നതോടെ സർക്കാർ വിഹിതത്തിൽ 2.5 കോടി രൂപയുടെ

വർദ്ധനയുണ്ടാകും. ചട്ടപ്രകാരം റെക്കറിംഗ് ആൻഡ് നോൺറെക്കറിംഗ് എക്സ്പെൻഡിച്ചർ ധനകാര്യമെമ്മോറാണ്ടത്തിൽ കാണിക്കേണ്ടതാണ്. അതിനാൽ ബില്ലിന്റെ അവതരണം മാറ്റിവയ്ക്കുകയും ഇക്കാര്യത്തിൽ റൂളിംഗ് നൽകുകയും ചെയ്യണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): 2021-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബില്ലിൽ, ഓരോ തയ്യൽ തൊഴിലാളിയും സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഓരോ ആളും പ്രതിമാസം അൻപത് രൂപ വീതവും ഓരോ തൊഴിലുടമയും അയാൾ നിയോഗിച്ചിട്ടുള്ള ഓരോ തയ്യൽ തൊഴിലാളിയെ സംബന്ധിച്ചും പ്രതിമാസം ഇരുപത്തിയഞ്ച് രൂപ വീതവും നിധിയിലേയ്ക്ക് അംശദായം നൽകേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. 1994-ലെ വകുപ്പുപ്രകാരം തയ്യൽ തൊഴിലാളിയും സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരും ഒരു വർഷം നൽകിയ അംശദായത്തിന്റെ പത്ത് ശതമാനത്തിന് തുല്യമായ തുക ഗ്രാന്റായി നിധിയിലേയ്ക്ക് നൽകേണ്ടതാണ്. എന്നാൽ ക്ലിപ്ത നിബന്ധനയിൽ, പ്രതിമാസ അംശദായ തുക 10 രൂപയിൽ അധികമായി വർദ്ധിപ്പിക്കുമ്പോൾ അപ്രകാരമുള്ള വർദ്ധനവിന് ആനുപാതികമായി ഗ്രാന്റ് നൽകുന്നതിന് സർക്കാരിന് ബാധ്യതയുണ്ടായിരിക്കുന്നതല്ല. ആയതിനാൽ ബിൽ

പ്രാബല്യത്തിൽ വരുമ്പോൾ സഞ്ചിതനിധിയിൽനിന്നും അധികച്ചെലവ് ഉണ്ടാകുന്നില്ല.

**റൂളിംഗ്**

മി. സ്പീക്കർ: തൊഴിലാളികൾ ക്ഷേമനിധിയിലേയ്ക്ക് അടയ്ക്കേണ്ട അംശദായം വർദ്ധിപ്പിക്കുന്നതിനനുസൃതമായി സർക്കാർ നൽകേണ്ട വിഹിതം വർദ്ധിക്കുന്നതാണ്. എന്നാൽ മൂലനിയമത്തിലെ ക്ലിപ്ത നിബന്ധനയിൽ അംശദായ വർദ്ധനവിന് ആനുപാതികമായി സർക്കാർ ഗ്രാന്റ് നൽകേണ്ടതില്ലെന്ന് വ്യവസ്ഥ ചെയ്യപ്പെട്ടിരിക്കുന്നതിനാൽ സഞ്ചിത നിധിയിൽനിന്നും അധികച്ചെലവ് ഉണ്ടാകില്ലെന്ന വിശദീകരണം തൃപ്തികരമായതിനാൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

**(നിയമനിർമ്മാണകാര്യം തുടർച്ച)**

മി. സ്പീക്കർ: ബില്ലുകൾ അവതരിപ്പിച്ചിരിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): 2021-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ബിൽ വിദ്യാഭ്യാസം സംബന്ധിച്ച VI-ാം നമ്പർ വിഷയ നിർണ്ണയ സമിതിയുടെ പരിഗണനയ്ക്കും 2021-ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബിൽ, 2021-ലെ കേരള

തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ എന്നിവ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച VII-ാം നമ്പർ വിഷയ നിർണ്ണയ സമിതിയുടെ പരിഗണനയ്ക്കും അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): തൊഴിലാളികൾക്ക് കാലോചിതമായി ആനുകൂല്യങ്ങൾ നൽകുന്നതിന് ക്ഷേമനിധി ബോർഡുകൾ ശക്തിപ്പെടുത്തേണ്ടത് അനിവാര്യമാണ്. ക്ഷേമനിധി ആനുകൂല്യങ്ങൾ ഫലപ്രദമായി നടപ്പാക്കി മുന്നോട്ടുപോകുന്ന സംസ്ഥാനമാണ് കേരളം. തൊഴിൽ നിയമങ്ങളെയും തൊഴിലാളികളെയും സംരക്ഷിക്കുന്ന നിലപാടാണ് കേരളം സ്വീകരിച്ചുവരുന്നത്.

ശ്രീ. ടി. സിദ്ദിഖ്: I move that-

"This House resolves to disapprove the Kerala Eduacation (Amendment) Ordinance, 2021 (Ordinance No.101 Of 2021)." പ്രധാന ആക്റ്റിലെ 9-ാം വകുപ്പ് 1-ാം ഉപവകുപ്പിൽ 'ഹെഡ്മാസ്റ്റർ' എന്നതിനുപകരം

'ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസ്/വൈസ് പ്രിൻസിപ്പൽ' എന്നീ വാക്കുകൾ ചേർക്കേണ്ടതാണെന്ന ഭേദഗതിയിലൂടെ ദേശീയ വിദ്യാഭ്യാസ നയം നടപ്പാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. അക്കാദമിക നിലവാരം മെച്ചപ്പെടുത്താനുള്ള ശിപാർശകളടങ്ങുന്ന സമഗ്ര റിപ്പോർട്ട് എം.എ. ഖാദർ കമ്മീഷൻ സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുകയും ഭാഗിക റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസക്രമത്തെ ഉടച്ചുവാർക്കുന്ന സമീപനം ന്യായമാണോയെന്ന് പരിശോധിക്കുകയും വേണം. ഹയർസെക്കണ്ടറി മേഖലയിൽ നിലനിൽക്കുന്ന സീനിയർ-ജൂനിയർ തർക്കം പരിഹരിക്കുന്നതിനും വയനാട് ജില്ലയിലെ ട്രൈബൽ വിദ്യാർത്ഥികൾക്ക് പ്ലസ് വൺ പ്രവേശനം ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. എ. കെ. എം. അഷ്റഫ്:</u> നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. ഹെഡ്മാസ്റ്റർ എന്നത് ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസ്/വൈസ് പ്രിൻസിപ്പൽ എന്ന ഭേദഗതിയിലൂടെ കേരളത്തിലെ ഹയർ സെക്കണ്ടറി സ്കൂളുകളിലെ പ്രിൻസിപ്പൽമാരുടെ ശമ്പളം വാങ്ങിക്കൊടുക്കേണ്ടത് ഹെഡ്മാസ്റ്റർമാരും വൈസ് പ്രിൻസിപ്പൽമാരുമാണെന്ന അവസ്ഥയാണുണ്ടാകുന്നത്. എല്ലാ വിഷയത്തിനും എ പ്ലസ് നേടിയ വിദ്യാർത്ഥികൾക്ക് പ്ലസ് വൺ-ന് സീറ്റ് ലഭ്യമാക്കാനും ആവശ്യത്തിന് അദ്ധ്യാപകരെ നിയമിക്കാനും

നടപടിയുണ്ടാകണം. ഭാഷാന്യൂനപക്ഷ സ്കൂളുകളിലെ കുട്ടികൾക്ക് ഉന്നത പഠനത്തിന് അഡ്മിഷൻ ലഭ്യമാക്കാനും കാസർഗോഡ്, മഞ്ചേശ്വരം നിയോജകമണ്ഡലങ്ങളിൽ ഹയർ സെക്കണ്ടറി അനുവദിച്ച സ്കൂളുകളിൽ പുതിയ കോഴ്സുകളും അധിക ബാച്ചുകളും സയൻസ് ബാച്ചും അനുവദിക്കാനും സർക്കാർ ഹൈസ്കൂളുകളിൽ പ്ലസ് ടൂ ബാച്ചുകൾ ആരംഭിക്കാനും മുൻകയ്യെടുക്കണം. എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റ് തിരുത്തലിനുണ്ടാകുന്ന കാലതാമസം ഒഴിവാക്കാനും തുല്യതാ സർട്ടിഫിക്കറ്റ് നൽകാനും നടപടി സ്വീകരിക്കണം.

ശ്രീ. ലിന്റോ ജോസഫ് ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. ആന്റണി ജോൺ: 2021-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30.10.2021 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. മറ്റ് സംസ്ഥാനങ്ങളിൽനിന്നും വിഭിന്നമായി കേരളത്തിലെ വിദ്യാഭ്യാസ മേഖല കാലാനുസൃതമായ പരിഷ്കാരങ്ങൾക്ക് വിധേയമായതുകൊണ്ടാണ് സംസ്ഥാനത്തെ വിദ്യാഭ്യാസ സംവിധാനങ്ങൾ രാജ്യത്തിനാകെ മാതൃകയായത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമെന്ന കാഴ്ചപ്പാടിൽ ഉറച്ചുനിന്നുകൊണ്ട് കുട്ടികൾക്ക് നിലവാരമുള്ള വിദ്യാഭ്യാസം നൽകാനും സ്കൂളിലെത്തുന്ന മുഴുവൻ

കുട്ടികൾക്കും തുല്യ പരിഗണന നൽകി പഠിക്കാനുള്ള സാഹചര്യമൊരുക്കാനുമാണ് സർക്കാർ ശ്രമിക്കുന്നത്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കാനും അക്കാദമിക നിലവാരവും ഭൗതിക സാഹചര്യങ്ങളും മെച്ചപ്പെടുത്താനും സാധിച്ചിട്ടുണ്ട്. ദേശീയ വിദ്യാഭ്യാസ നയത്തിന്റെയും വിദ്യാഭ്യാസ അവകാശ നിയമത്തിന്റെയും പശ്ചാത്തലത്തിൽ അക്കാദമിക വിദഗ്ദ്ധരുടെയും പൊതുസമൂഹത്തിന്റെയും അഭിപ്രായം മാനിച്ചാണ് ഇത്തരമൊരു ഭേദഗതി നിർദ്ദേശം കൊണ്ടുവന്നിട്ടുള്ളത്.

ശ്രീ. വി. ആർ. സുനിൽ കുമാർ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. ഇ. കെ. വിജയൻ: 2021-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ കുട്ടികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ലഭ്യമാക്കണമെന്ന സർക്കാർ തീരുമാനത്തിന്റെ ഭാഗമായാണ് ഈ ഭേദഗതി ബിൽ കൊണ്ടുവന്നിട്ടുള്ളത്. ആധുനിക കാലഘട്ടത്തിനനുസൃതമായി സ്കൂൾ കരിക്കുലത്തിൽ മാറ്റം വരുത്തുന്നത് സംബന്ധിച്ച് ആലോചിക്കണം.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. പി. സി. വിഷ്ണുനാഥ്: I move that- " This House resolves to disapprove The Kerala cashew Workers' Relief and Welfare Fund (Amendment) Bill Ordinance, 2021 (Ordinance No. 128 of 2021)" . ഭൂരിഭാഗം കശുവണ്ടി ഫാക്ടറികളും അടഞ്ഞുകിടക്കുന്നതിനാലും പ്രവർത്തിക്കുന്നവയിൽ തൊഴിൽ ദിനങ്ങൾ കുറവായതിനാലും തൊഴിലാളികൾ ഇന്ന് പ്രതിസന്ധിയിലാണ്. ഇ.എസ്.ഐ.-യുടെ ഉയർന്ന ചികിത്സാ ആനുകൂല്യം ലഭിക്കുന്നതിന് ആറ് മാസത്തിൽ 38 ദിവസം തുടർ ഹാജരുണ്ടാകണമെന്ന കേന്ദ്ര സർക്കാർ നിബന്ധന തൊഴിലാളികളെ ദുരിതത്തിലാക്കിയിരിക്കുകയാണ്. ഈ മേഖലയിലെ തൊഴിലാളികളുടെ കൂലി പുതുക്കി നിശ്ചയിക്കുന്നതിനും തൊഴിൽ ചൂഷണം തടയുന്നതിനും തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കണം. ക്ഷേമനിധിയിലേയ്ക്കുള്ള അംശദായത്തിൽ സർക്കാർ വിഹിതം പകുതിയാക്കി കുറയ്ക്കുകയും തൊഴിലാളിയുടെ വിഹിതം ഇരട്ടിയാക്കുകയും ചെയ്യുന്നത് ശരിയായ സമീപനമല്ല. തൊഴിലാളികൾക്ക് കൂടുതൽ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി കശുവണ്ടി മേഖലയിൽനിന്നും സർക്കാരിന് ലഭിക്കുന്ന ടാക്സിന്റെ ഒരു വിഹിതം കശുവണ്ടി തൊഴിലാളി ക്ഷേമനിധി

ബോർഡിന് നൽകുന്നതിന് നടപടിയെടുക്കണം. കശുവണ്ടി രംഗത്തുൾപ്പെടെ പരമ്പരാഗത തൊഴിൽ മേഖലകളിൽ ഇൻകം സപ്പോർട്ട് സ്കീം നടപ്പിലാക്കുവാനും സ്വകാര്യ കശുവണ്ടി സംരംഭകരുടെ ബാങ്ക് വായ്പകളിന്മേലുള്ള റവന്യൂ റിക്കവറി നിർത്തിവയ്ക്കുവാനും ഇടപെടലുണ്ടാകണം.

ശ്രീ. മോൻസ് ജോസഫ്: നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. കശുവണ്ടി മേഖലയുടെ സംരക്ഷണത്തിനായി പുതിയ പാക്കേജുകൾ പ്രഖ്യാപിക്കാതെ തൊഴിലാളികളുടെ അംശദായം ഇരട്ടിയാക്കുന്നത് തൊഴിലാളി വിരുദ്ധ സമീപനമാണ്. കശുവണ്ടി വ്യവസായത്തെ പുനരുദ്ധരിക്കുന്നതിനുള്ള പദ്ധതികൾ ആരംഭിക്കാത്തതും അടച്ചുപൂട്ടിയ കശുവണ്ടി ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കാത്തതും ജപ്തിനടപടികളുമായി ബാങ്കുകൾ മുന്നോട്ടുപോകുമ്പോൾ ഫലപ്രദമായി ഇടപെടാനാകാത്തതും പ്രതിഷേധാർഹമാണ്. കശുവണ്ടി മേഖലയിലെ തൊഴിലാളികളുടെ ചികിത്സാസംബന്ധമായ വിഷയങ്ങളിൽ കേന്ദ്ര ഗവൺമെന്റിൽ നിന്നും ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് സംസ്ഥാന ഗവൺമെന്റിന്റെ ഇടപെടലുണ്ടാകണം. കശുവണ്ടി തൊഴിലാളികൾക്ക് ജോലി സ്ഥിരത ഉറപ്പുവരുത്തണം.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): 2021-ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-11-2021 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഉൽപ്പാദനം കുറഞ്ഞതും ഉൽപ്പാദനച്ചെലവ് മറ്റ് സംസ്ഥാനങ്ങളെക്കാൾ വർദ്ധിച്ചതും കശുവണ്ടി വ്യവസായ മേഖലയിൽ പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. കശുമാവ് കൃഷി വ്യാപകമാക്കുന്നതിനും തൊഴിലാളികളുടെ വേതനം മുടക്കമില്ലാതെ നൽകുന്നതിനും തൊഴിൽ നഷ്ടപ്പെടാതെ കൂടുതൽ യന്ത്രവൽക്കരണത്തിലേയ്ക്ക് കടക്കുന്നതിനും നടപടി സ്വീകരിക്കണം.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: 2021-ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കശുവണ്ടി ഉല്പാദനവും വ്യവസായവും പരിപോഷിപ്പിക്കുന്നതിന് ക്രിയാത്മക നടപടികൾ സ്വീകരിക്കാതെ തൊഴിലാളികളുടെയും തൊഴിലുടമയുടെയും അംശദായം വർദ്ധിപ്പിച്ച് ക്ഷേമനിധി ബോർഡിന് വരുമാനം കണ്ടെത്താനാണ് ഈ ബില്ലിലൂടെ സർക്കാർ ശ്രമിക്കുന്നത്. അടഞ്ഞുകിടക്കുന്ന കശുവണ്ടി ഫാക്ടറികൾ തുറന്നുപ്രവർത്തിപ്പിക്കുന്നതിനും

തൊഴിൽ ദിനങ്ങളും ആനുകൂല്യങ്ങളും വർദ്ധിപ്പിക്കുന്നതിനും തയ്യാറാകണം. തൊഴിൽദിനങ്ങളിലുണ്ടായ കുറവുകാരണം തൊഴിലാളികൾക്ക് ചികിത്സാ സഹായമുൾപ്പെടെയുള്ള ഇ.എസ്.ഐ. ആനുകൂല്യങ്ങൾ ലഭ്യമാക്കണം. സർക്കാരിന്റെ നൂറ് ദിന കർമ്മ പരിപാടിയിൽ കശുവണ്ടിമേഖലയെ ഉൾപ്പെടുത്താനും ഇൻകം സപ്പോർട്ട് സ്കീം ഏർപ്പെടുത്താനും തൊഴിലാളികളുടെ വേതനം പുതുക്കി നിശ്ചയിക്കാനും നടപടി സ്വീകരിക്കണം. തോട്ടണ്ടിയുടെ ലഭ്യതക്കുറവ് പരിഹരിക്കുകയും കശുവണ്ടിക്ക് ന്യായവില ഉറപ്പാക്കുകയും മൂല്യവർദ്ധിത ഉല്പാദനം വർദ്ധിപ്പിച്ച് കൂടുതൽ വിപണി കണ്ടെത്തുകയും ചെയ്യണം.

ശ്രീ. എ. പി. അനിൽ കുമാർ: I move that- "This House resolves to disapprove The Kerala Agricultural Workers' (Amendment) Ordinance, 2021 (Ordinance No. 133 of 2021)." കേരളത്തിന്റെ സാമൂഹിക മുന്നേറ്റ പോരാട്ടങ്ങളിൽ പ്രധാന പങ്കുവഹിച്ച കർഷകത്തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ സഹായങ്ങൾ കാലാകാലങ്ങളിൽ വന്ന സർക്കാരിൽനിന്നും ഉണ്ടായിട്ടില്ലെന്നത് നിർഭാഗ്യകരമാണ്. തൊഴിലാളികളുടെയും ഭൂവുടമകളുടെയും അംശദായത്തിൽ വർദ്ധനവ് വരുത്തുന്നതിനുപുറമേ

തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ നൽകുന്നതിന് ക്ഷേമനിധിയിലേയ്ക്കുള്ള സർക്കാർ സഹായം വർദ്ധിപ്പിക്കുകയും ചെയ്യണം. കർഷകത്തൊഴിലാളികളുടെ അതിവർഷാനുകൂല്യവും പെൻഷനും ചികിത്സാ ധനസഹായവും പ്രസവ ധനസഹായവും വർദ്ധിപ്പിക്കണം. കർഷകത്തൊഴിലാളി പെൻഷൻ കുടിശ്ശിക തീർത്ത് നൽകണം. ബില്ലിൽ തൊഴിലാളികളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാത്തത് പ്രതിഷേധാർഹമാണ്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. മലയോര കർഷകരുടെ പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കണം. വനത്തെയും വന്യജീവികളെയും സംരക്ഷിക്കുന്നതോടൊപ്പം വന്യജീവികളുടെ ആക്രമണംമൂലം പരിക്കേറ്റവർക്കും കൃഷിനാശം സംഭവിച്ചവർക്കും യഥാസമയം നഷ്ടപരിഹാരം നൽകണം. വനാതിർത്തികളിൽ വന്യജീവികളെ ആകർഷിക്കുന്ന തരത്തിൽ കൃഷിരീതികളിൽ മാറ്റം വരുത്തണം.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: 2021-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-10-2021 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

കർഷകതൊഴിലാളികളുടെയും ഭൂവുടമയുടെയും അംശദായവും അതിനാനുപാതികമായ സർക്കാർ വിഹിതവും വർദ്ധിപ്പിക്കുന്നതോടൊപ്പം തൊഴിലാളികളുടെ ചികിത്സാ ധനസഹായവും പ്രസവ ധനസഹായവും വർദ്ധിപ്പിക്കുകയും വേണം. ക്ഷേമനിധി ബോർഡിനെ ശക്തിപ്പെടുത്തി ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്ന തരത്തിലുള്ള ഭേദഗതി ബില്ലിൽ ഉൾപ്പെടുത്തണം. കർഷകത്തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ നൽകാൻ ബഡ്ജറ്റിൽ തുക വകയിരുത്തിയതും കർഷകത്തൊഴിലാളി ക്ഷേമത്തിന് നിയമം കൊണ്ടുവന്ന് ആവശ്യമായ ഭേദഗതികൾ വരുത്തുന്നതും സ്വാഗതാർഹമാണ്. വരുംതലമുറയെ കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കുന്ന വിധത്തിലുള്ള പരിഷ്കാരങ്ങൾ കൊണ്ടുവരണം.

ശ്രീ. അൻവർ സാദത്ത്: 2021-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കൃഷിരീതിയിലെ മാറ്റങ്ങളും അമിതമായ വാണിജ്യവൽക്കരണവും തൊഴിലാളികളുടെ കുറവും ഇടനിലക്കാരുടെ ചൂഷണവും ഉല്പാദന-വിതരണ-വിപണന ശൃംഖലയുടെ തകർച്ചയും മൂല്യവർദ്ധിത ഉല്പന്നങ്ങൾ വികസിപ്പിക്കുന്നതിനുള്ള ടെക്നോളജിയുടെ അഭാവവും കാർഷിക മേഖലയെ പ്രതിസന്ധിയിലാക്കിയിട്ടുണ്ട്.

തുടർച്ചയായുണ്ടാകുന്ന പ്രകൃതിക്ഷോഭവും പ്രളയവും കാലാവസ്ഥാ വ്യതിയാനവും കാർഷിക മേഖലയെ പ്രതികൂലമായി ബാധിക്കുകയും കർഷകരെ കാർഷികവൃത്തിയിൽനിന്നും പിന്തിരിപ്പിക്കുകയും ചെയ്യുന്നുണ്ട്. കർഷകത്തൊഴിലാളികളുടെ വരുമാനത്തിൽ സ്ഥിരതയുണ്ടാക്കുകയും മികച്ച ഉല്പാദന ഉപാധികളുടെ ലഭ്യത ഉറപ്പുവരുത്തുകയും കാർഷികോൽപ്പന്നങ്ങളുടെ വിലക്കുറവ് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യണം. മലയോര മേഖലയിലെ വന്യജീവി ആക്രമണം തടയാനും കാർഷികരംഗത്ത് മൂലധന നിക്ഷേപം വർദ്ധിപ്പിക്കാനും പ്രകൃതിക്ഷോഭം/വരൾച്ച തുടങ്ങിയവമൂലമുള്ള കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകാനും കർഷകരുടെ തൊഴിൽ-വേതന നഷ്ടം നികത്തുന്നതിന് പ്രത്യേക സാമ്പത്തിക സഹായം നൽകാനും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കാനും ജലസ്രോതസ്സുകളുടെ ഫലപ്രദമായ ഉപയോഗത്തിന് കനാൽ പ്രവർത്തനങ്ങൾ ഏകീകരിക്കനും നടപടി സ്വീകരിക്കണം. മാറുന്ന കാലാവസ്ഥയ്ക്കനുസൃതമായ കൃഷിരീതികൾ ആവിഷ്കരിച്ച് കാർഷിക പ്രവർത്തനങ്ങൾ, വിളവെടുപ്പ് രീതികൾ എന്നിവയെക്കുറിച്ച് കർഷകർക്ക് പ്രായോഗിക പരിശീലനവും അവബോധവും നൽകണം. കർഷകത്തൊഴിലാളി

ക്ഷേമനിധിയിൽ സർക്കാർ വിഹിതം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. നജീബ് കാന്തപുരം: I move that- "This House resolves to disapprove the Kerala Labour Welfare Fund (Amendment) Ordinance, 2021 (Ordinance No.120 of 2021)." കേന്ദ്ര സർക്കാരിന്റെ തൊഴിലാളി വിരുദ്ധനയങ്ങൾ തൊഴിൽ സുരക്ഷിതത്വം നഷ്ടപ്പെടുത്തുന്നതും ചെറുകിട-വൻകിട സ്ഥാപനങ്ങളിലെ തൊഴിലാളികളെ അരക്ഷിതാവസ്ഥയിലാക്കുന്നതുമാണ്. ബോർഡിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിന് തൊഴിലാളികൾ അടയ്ക്കേണ്ട അംശദായം നാൽപ്പത്തിയഞ്ച് രൂപയായി വർദ്ധിപ്പിച്ച ഭേദഗതി തൊഴിലാളിവിരുദ്ധമാണ്. അസംഘടിത മേഖലയിലുള്ള തൊഴിലാളികളെയും കോവിഡാനന്തരം തൊഴിൽ നഷ്ടപ്പെട്ട പ്രവാസികളെയും ഈ ക്ഷേമനിധിയുടെ പരിധിയിൽ കൊണ്ടുവരണം.

ശ്രീമതി കെ. കെ. രമ: നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. തൊഴിലാളികളുടെ അംശദായം വർദ്ധിപ്പിച്ചതിനാനുപാതികമായ ആനുകൂല്യങ്ങൾ നൽകുന്നതിനോ തൊഴിൽ ദിനങ്ങൾ ഉറപ്പുവരുത്തുന്നതിനോ തൊഴിൽനഷ്ടത്തിന് പരിഹാരമുണ്ടാക്കുന്നതിനോ ബില്ലിൽ നിർദ്ദേശങ്ങളില്ല.

ആവശ്യമായ തസ്തികകൾ സൃഷ്ടിക്കാതെ വിവിധ വകുപ്പുകളിൽ കരാർ വ്യവസ്ഥയിലും ദിവസ വേതനാടിസ്ഥാനത്തിലും ആളുകളെ നിയമിച്ചും സർക്കാർ ജോലി സ്വകാര്യ സ്ഥാപനങ്ങൾക്ക് ഔട്ട് സോഴ്സ് ചെയ്തും തൊഴിൽ അവകാശങ്ങൾ സർക്കാർ അട്ടിമറിക്കുകയാണ്. അനുകൂല സാഹചര്യമില്ലാത്തതിനാൽ നിരവധി സംരംഭകർ വ്യവസായ സ്ഥാപനങ്ങൾ അന്യസംസ്ഥാനങ്ങളിലേയ്ക്ക് മാറ്റുന്ന സ്ഥിതിയാണുള്ളത്. കോവിഡിനോടനുബന്ധിച്ച് അസംഘടിത തൊഴിൽ മേഖലയിൽ വലിയ തൊഴിൽ നഷ്ടവും സാമ്പത്തിക നഷ്ടവുമുണ്ടായിട്ടുണ്ട്. സ്വകാര്യ ആശുപത്രികളിൽ ജോലി ചെയ്യുന്ന നഴ്സുമാർക്ക് വേതന വ്യവസ്ഥയും തൊഴിൽ സ്ഥിരതയും ഉറപ്പുവരുത്തണം.

ശ്രീ. കെ. ജെ. മാക്സി ചുമതലപ്പെടുത്തിയതുപ്രകാരം <u>ശ്രീ. വി. ജോയി</u>: 2021-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-10-2021 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. തൊഴിലാളികൾക്കും ആശ്രിതർക്കും നൽകിവരുന്ന ആനുകൂല്യങ്ങൾ കാലോചിതമായി പരിഷ്കരിക്കണം. സെസ്സും ഉടമാ വിഹിതവും കൃത്യമായി പിരിക്കുന്നതിന് ക്ഷേമനിധി ബോർഡുകളെ പ്രാപ്തമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ക്ഷേമനിധി അംഗങ്ങളായ തൊഴിലാളികളുടെ മക്കൾക്ക് തൊഴിൽ വകുപ്പിന് കീഴിലുള്ള ഐ.ടി.ഐ.-കളിൽ സീറ്റ് സംവരണം ഏർപ്പെടുത്തിയതും ക്ഷേമനിധി ബോർഡുകളിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നതിനുള്ള തീരുമാനവും സ്വാഗതാർഹമാണ്.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. ടി. വി. ഇബ്രാഹിം: 2021-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. അംശദായം വർദ്ധിപ്പിക്കുന്നതിന്റെ ഗുണം തൊഴിലാളികൾക്ക് ലഭ്യമാക്കുന്നതോടൊപ്പം ചികിത്സ/വിവാഹം/ വിദ്യാഭ്യാസമുൾപ്പെടെയുള്ള ആനുകൂല്യങ്ങളിൽ വർദ്ധനവ് ഉറപ്പാക്കണം. ക്ഷേമനിധി ബോർഡിന്റെ ഭരണപരമായ ചെലവുകളിൽ നിയന്ത്രണമേർപ്പെടുത്തണം. കോവിഡ് പശ്ചാത്തലത്തിൽ തൊഴിൽ നഷ്ടപ്പെട്ട പ്രവാസികളുൾപ്പെടെയുള്ളവരെ സംരക്ഷിക്കാനും തോട്ടം മേഖലയിലുൾപ്പെടെ മിനിമം വേതനം 600 രൂപയാക്കുമെന്ന പ്രഖ്യാപനം നടപ്പാക്കാനും സ്ത്രീ തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും കഴിയണം. ഇ.എസ്.ഐ.-യുടെ പരിധിയിൽ എല്ലാ വിഭാഗം തൊഴിലാളികളെയും കൊണ്ടുവരാനും കൊണ്ടോട്ടിയിൽ ഇ.എസ്.ഐ.

ആശുപത്രി സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണം. തൊഴിലാളികളുടെ സംരക്ഷണവും ക്ഷേമപ്രവർത്തനങ്ങളും പ്രാപ്തമാക്കാനുള്ള തൊഴിൽ നിയമങ്ങൾ കൃത്യമായി നടപ്പിലാക്കണം.

ശ്രീ. പി. സി. വിഷ്ണുനാഥ് ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): I move that:- "This House resolves to disapprove The Kerala Tailoring Workers' Welfare Fund (Amendment) Ordinance, 2021 (Ordinance No. 132 of 2021)."

സർക്കാർ വിഹിതം അംശദായത്തിന്റെ ഇരട്ടിയായിരിക്കണമെന്നുള്ള മൂലനിയമത്തിലെ വ്യവസ്ഥ പുതിയ ഭേദഗതിയിലൂടെ 50 ശതമാനമായി കുറച്ച നടപടി പ്രതിഷേധാർഹമാണ്. തൊഴിലുടമാവിഹിതം കൃത്യമായി പിരിച്ചെടുക്കാനും സമാനസ്വഭാവമുള്ള ബോർഡുകളെ ഏകോപിപ്പിക്കാനും തൊഴിലാളികൾക്ക് ക്ഷേമനിധി പെൻഷനും സാമൂഹ്യപെൻഷനും ലഭ്യമാക്കാനും നടപടിയുണ്ടാകണം. ഓരോ തയ്യൽ തൊഴിലാളിയും ക്ഷേമനിധിയിലേയ്ക്ക് അംശദായമായി പ്രതിമാസം 50 രൂപ അടയ്ക്കണമെന്ന വ്യവസ്ഥ പുനഃപരിശോധിക്കണം. ക്ഷേമനിധിവഴി നൽകുന്ന പ്രസവാനുകൂല്യം കാലോചിതമായി പരിഷ്കരിക്കുന്നതിനും ആനുകൂല്യങ്ങൾ യഥാസമയം നൽകുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. യു. എ. ലത്തീഫ്: നിരാകരണപ്രമേയത്തെ പിന്താങ്ങുന്നു. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ 2020 ഏപ്രിൽ 21-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണെന്ന വ്യവസ്ഥ ക്രമരഹിതമാണ്. ക്ഷേമനിധിയിലേയ്ക്ക് അടയ്ക്കേണ്ട പ്രതിമാസ തൊഴിലുടമാവിഹിതം സംബന്ധിച്ച് വ്യക്തത വരുത്തണം. വിവിധ ക്ഷേമനിധി ബോർഡുകളെ സംയോജിപ്പിച്ച് ക്ഷേമനിധി ബോർഡുകളുടെ എണ്ണം പരിമിതപ്പെടുത്തിയാൽ ഭരണച്ചെലവ് കുറയ്ക്കാൻ സാധിക്കും. തൊഴിലാളികളുടെ പ്രതിമാസ അംശദായം വർദ്ധിപ്പിച്ചതിനനുസരിച്ച് ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുകയും വർദ്ധിപ്പിച്ച അംശദായം 30 രൂപയായി നിജപ്പെടുത്തുകയും വേണം.

ശ്രീ. സണ്ണി ജോസഫ്: 2021-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31.12.2021-വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. തയ്യൽ തൊഴിലാളികളുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്താനുതകുന്ന ഭേദഗതികളല്ല ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ക്ഷേമനിധി ബോർഡിന്റെ ചെലവുകൾ നിർവ്വഹിക്കുന്നതിനായി കൊണ്ടുവന്നിരിക്കുന്ന ഭേദഗതി നിർദ്ദേശങ്ങൾ തൊഴിലാളികൾക്ക് പ്രയോജനപ്രദമല്ല.

പ്രസവാനന്തര ആനുകൂല്യവും റിട്ടയർമെന്റ് ആനുകൂല്യവും യഥാസമയം ലഭ്യമാക്കണം.

ശ്രീമതി ദെലീമ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. എ. പ്രഭാകരൻ: 2021-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. 1994-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബിൽ ഭേദഗതി ചെയ്യാനുള്ള തീരുമാനത്തെ സ്വാഗതം ചെയ്യുന്നു. തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാനും തൊഴിലാളികൾക്ക് മെച്ചപ്പെട്ട ആനുകൂല്യങ്ങൾ നൽകാനും അംശദായം വർദ്ധിപ്പിക്കാനുള്ള തീരുമാനം നടപ്പാക്കാനും നടപടി സ്വീകരിക്കണം. റിട്ടയർമെന്റ് ആനുകൂല്യവും പ്രസവാനന്തര ആനുകൂല്യവും വർദ്ധിപ്പിക്കണം. തയ്യൽ തൊഴിലാളി ക്ഷേമനിധി പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്ന ഒരു വനിതയുടെ ഭർത്താവ് മരിച്ചാൽ അവർക്ക് വിധവാ പെൻഷൻ ലഭിക്കാത്ത സാഹചര്യത്തിലും അംശദായം അടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്നവരിൽനിന്നും പിഴപ്പലിശ ഈടാക്കുന്ന നടപടിയിലും മാറ്റം വരുത്തണം. തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കമ്പ്യൂട്ടർവൽക്കരണം ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): ബില്ലിന്മേൽ ഇവിടെ ഉന്നയിച്ചിട്ടുള്ള നിർദ്ദേശങ്ങൾ സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്യുന്നതാണ്. സജീവമായി പ്രവർത്തിക്കുന്ന 16 ക്ഷേമനിധി ബോർഡുകൾക്കും സർക്കാർ സാമ്പത്തിക സഹായം നൽകുന്നുണ്ട്. പെൻഷൻ, ചികിത്സാ സഹായം, അംഗങ്ങളുടെ മക്കൾക്കുള്ള വിദ്യാഭ്യാസ സഹായം തുടങ്ങി നിരവധി ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് ലഭ്യമാക്കുന്നുണ്ട്. നിയമത്തിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരമാണ് ഓരോ ക്ഷേമനിധിയിലും അംഗത്വം നേടാൻ സാധിക്കുന്നത്. ഇതരസംസ്ഥാനങ്ങളെ അപേക്ഷിച്ച് തൊഴിലാളികളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ മുന്തിയ പ്രാധാന്യമാണ് സംസ്ഥാന സർക്കാർ നൽകുന്നത്. നിലവിലുള്ള ക്ഷേമപദ്ധതികൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് തൊഴിലാളി സംഘടനകളുമായി ചർച്ച ചെയ്ത് സമാനസ്വഭാവമുള്ളവ കൂട്ടിച്ചേർക്കാൻ തീരുമാനിച്ചിട്ടുണ്ട്. 87-ഓളം വരുന്ന തൊഴിൽ മേഖലകളിൽ മിനിമം വേതനം കാലോചിതമായി പുതുക്കി നൽകുന്നതിന് മിനിമം വേജസ് അഡ്വൈസറി ബോർഡ് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. അംശദായത്തിൽ നേരിയ വർദ്ധനവ് വരുത്തി സംസ്ഥാനത്തെ ക്ഷേമനിധികളിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികൾക്ക് കൂടുതൽ

ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്. കേരളത്തിൽ മികവുറ്റ സ്കൂൾ വിദ്യാഭ്യാസം സാധ്യമാക്കുന്നതിനുവേണ്ടി ഖാദർ കമ്മിറ്റി റിപ്പോർട്ട് സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുണ്ട്. "വിദ്യാഭ്യാസ വകുപ്പ് " എന്നീ വാക്കുകൾക്കുപകരം " പൊതു വിദ്യാഭ്യാസ വകുപ്പ്" എന്നീ വാക്കുകളും "ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ" എന്നീ വാക്കുകൾക്കുപകരം "പൊതു വിദ്യാഭ്യാസ ഡയറക്ടർ "എന്നീ വാക്കുകളും "ഹെഡ്മാസ്റ്റർ" എന്ന വാക്കിനുപകരം "ഹെഡ്മാസ്റ്റർ അല്ലെങ്കിൽ ഹെഡ്മിസ്ട്രസ് അല്ലെങ്കിൽ വൈസ്-പ്രിൻസിപ്പൽ അതതു സംഗതിപോലെ" എന്നീ വാക്കുകളും ചേർക്കേണ്ടതുമാണ് എന്നിവയാണ് വിദ്യാഭ്യാസ ബില്ലിലെ ഒന്നാംഘട്ട ഭേദഗതികൾ. ദേശീയ വിദ്യാഭ്യാസനയം കേരളത്തിന്റെ സാഹചര്യമനുസരിച്ച് നടപ്പിലാക്കും. ബില്ലുകൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നിരാകരണ പ്രമേയം സഭ നിരാകരിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2021-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ബിൽ വിദ്യാഭ്യാസം

സംബന്ധിച്ച VI-ാം നമ്പർ വിഷയ നിർണ്ണയ സമിതിയുടെ പരിഗണനയ്ക്കും 2021-ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബിൽ, 2021-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ എന്നിവ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും സംബന്ധിച്ച VII-ാം നമ്പർ വിഷയ നിർണ്ണയ സമിതിയുടെ പരിഗണനയ്ക്കും അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബില്ലുകൾ വിഷയനിർണ്ണയ സമിതിയുടെ പരിഗണനയ്ക്കയച്ചു.

സഭ വൈകുന്നേരം 6.49-ന് പിരിഞ്ഞു.

*****